ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭരണ- പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   Both Houses of Parliament adjourned today following government-opposition protests.

2. സ്ത്രീ ശാക്തീകരണത്തിനായി നിരവധി നടപടികൾ സ്വീകരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി . ബീമാ സഖി യോജനക്ക് തുടക്കമായി.

   Prime Minister Narendra Modi states that several measures have been taken for the empowerment of women. The Beema Sakhi Yojana has been launched.

3. ഐഎൻഎസ് തുഷിൽ' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്തു.

   Defense Minister Rajnath Singh commissioned INS Tushil.

4. സിറിയയുടെ ഐക്യം, പരമാധികാര്യം, അതിർത്തി എന്നിവ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് ഇന്ത്യ.

   India calls to preserve Syria's unity, sovereignty, and territorial integrity .

5. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടുള്ള നിവേദനം കേന്ദ്രത്തിന് കൈമാറാൻ കേരളം വൈകിയിരുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Kerala Chief Minister Pinarayi Vijayan said that the state did not delay in submitting a request for financial assistance to the center after the Wayanad landslide disaster.

6. വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. ലോക ചെസ് ചാമ്പ്യൻഷിപ്പ് 12-ാം മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡി. ഗുകേഷിന് തോൽവി.

India will face Malaysia in the Women's Junior Asia Cup Hockey today. Indian Grandmaster D. Gukesh losses in the 12th match in the World Chess Championship.

&&&&&&&&&&&&&&&&&&

## REV. EVE. PARL-ADJOURN

വിവിധ വിഷയങ്ങളുന്നയിച്ച് പാർലമെൻറിൻറെ ഇരു സഭകളും ഇന്നും പ്രക്ഷുബ്ദമായി. ഭരണ-പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് മൂന്ന് തവണ നിർത്തിവച്ച സഭാനടപടികൾ മൂന്ന് മണിക്ക് പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. അദാനി ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം, ജോർജ് സോറോസ് വിവാദം എന്നിവയാണ് പാർലമെൻറിനെ പ്രക്ഷുബ്ദമാക്കിയത്. ബഹളത്തിനിടയിലാണ് ലോക്സഭയിൽ റെയിൽവേ ഭേദഗതി ബിൽ സഭ ചർച്ച ചെയ്തു. രാജ്യസഭയിലും സമാന രംഗങ്ങളാണ് അരങ്ങേറിയത്.

&&&&&&&&&&&&&&&&&&

## LS - AGRI LOAN

ചെറുകിട നാമമാത്ര കർഷകർക്കുള്ള കാർഷിക വായ്പകൾ രാജ്യത്ത് തുടർച്ചയായി വർധിക്കുന്നതായി കേന്ദ്രം . കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ചെറുകിട നാമമാത്ര കർഷകരുടെ കാർഷിക വായ്പ അക്കൗണ്ടുകളുടെ എണ്ണം 2023-24ൽ 13.06 കോടിയായി ഉയർന്നതായി ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## LS - Funds for mitigating human animal conflict

മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ഈ വർഷം 100 കോടി രൂപ അനുവദിച്ചതായി കേന്ദ്ര സർക്കാർ . കടുവ- ആന എന്നിവയുടെ സംരക്ഷണ പദ്ധതിയ്ക്കായി കഴിഞ്ഞ വർഷം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും 23,960 ലക്ഷം രൂപ അനുവദിച്ചതായും സർക്കാർ അറിയിച്ചു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണപ്പെടുകയോ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപയും ഗുരുതര പരിക്കിന് രണ്ട് ലക്ഷം രൂപയുമായി ധനസഹായം വർധിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## RS-WAQF

രാജ്യത്തെ വഖ്ഫ് സ്വത്തുക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് വഖ്ഫ് അസറ്റ് മാനേജ്മെൻ്റ് സിസ്റ്റം ഓഫ് ഇന്ത്യ പോർട്ടൽ ആരംഭിച്ചതായി കേന്ദ്രം

. ഇതുവരെ 8.72 ലക്ഷത്തിലധികം സ്ഥാവര സ്വത്തുക്കളും 16,713 ജംഗമ സ്വത്തുക്കളും പോർട്ടലിൽ രേഖപ്പെടുത്തിയതായി കേന്ദ്രമന്ത്രി കിരൺ റിജിജു രാജ്യസഭയിൽ അറിയിച്ചു. 994 വഖഫ് സ്വത്തുക്കളുടെ ഉടമസ്ഥാവകാശം മറ്റ് കക്ഷികൾക്ക് കൈമാറുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## PM- PANIPAT-INTRO

10 വർഷത്തിനിടെ രാജ്യത്ത് സ്ത്രീ ശാക്തീകരണത്തിനായി നിരവധി നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . സ്ത്രീകൾക്കിടയിൽ സാമ്പത്തിക സാക്ഷരതയും ഇൻഷുറൻസ് അവബോധവും പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച ബീമാ സഖി യോജനക്ക് ഹരിയാനയിലെ പാനിപ്പത്തിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്-വോയിസ്)

ചടങ്ങിൽ, ഭാവി ബീമാ സഖികൾക്കുള്ള നിയമന സർട്ടിഫിക്കറ്റുകൾ പ്രധാനമന്ത്രി വിതരണം ചെയ്തു. ബീമാ സഖി യോജനയ്ക്ക് കീഴിൽ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് ലക്ഷത്തിലധികം സ്ത്രീകളെ നിയമിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ ചടങ്ങിൽ പറഞ്ഞു. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഈ പദ്ധതി പ്രകാരം പത്താം ക്ലാസ്

പാസായ, 18 മുതൽ 70 വയസ്സ് വരെ പ്രായമുള്ള സ്ത്രീകളെ ശാക്തീകരിക്കുകയും ആദ്യ മൂന്ന് വർഷത്തേക്ക് പ്രത്യേക പരിശീലനവും സ്റ്റൈപ്പൻഡും നൽകുകയും ചെയ്യും.

&&&&&&&&&&&&&&&&&&

**PM -RAJASTHAN.**

ജനാധിപത്യം, സാങ്കേതിക വിദ്യ, നൈപുണ്യമുള്ള യുവ ജനത എന്നിവയുടെ ശക്തി ഇന്ത്യ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 'റൈസിങ് രാജസ്ഥാൻ' ത്രിദിന ആഗോള നിക്ഷേപ ഉച്ചകോടി പ്രധാനമന്ത്രി ജയ്പൂരിൽ ഉദ്ഘാടനം ചെയ്തു. സാങ്കേതിക വിദ്യയുടെ കാലഘട്ടമാണ് ഇതെന്നും, നൈപുണ്യമുള്ള യുവജനങ്ങൾ ഏറ്റവും അധികമുള്ള രാജ്യമായി ഇന്ത്യ മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു. 32 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**PM-RAMKRUSHNA MATH**

2047ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് യുവാക്കൾ രാഷ്ട്രീയത്തിൽ ചേരാനും രാജ്യനിർമ്മാണത്തിൽ സംഭാവന ചെയ്യാനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാമകൃഷ്ണ മഠം അഹമ്മദാബാദിൽ സംഘടിപ്പിച്ച പരിപാടിയെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലയിലും യുവാക്കൾ നേതൃസ്ഥാനത്ത് ഉണ്ടാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SYRIA-MEA STATEMENT

സിറിയയുടെ ഐക്യം, പരമാധികാര്യം, അതിർത്തി എന്നിവ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം. സിറിയയിലെ സ്ഥിതിഗതികൾ നിരീക്ഷിച്ച് വരുന്നതായും മുഴുവൻ ജനങ്ങളുടെയും അഭിലാഷത്തെ മാനിച്ചുകൊണ്ടുള്ള സമാധാനപരമായ രാഷ്ട്രീയ വികസനമാണ് ഇന്ത്യ പിന്താങ്ങുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി. ദമാസ്കസിലെ എംബസി ഇന്ത്യൻ പൗരന്മാരുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതായും മന്ത്രാലയം അറിയിച്ചു. അതേസമയം സിറിയയുടെ ഭാവി തീരുമാനിക്കേണ്ടത് അവിടുത്തെ ജനതയാണെന്ന് യുഎൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടെറസ് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## INS TUSHIL

ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ മൾട്ടി-റോൾ സ്റ്റെൽത്ത് ഗൈഡഡ് മിസൈൽ ഫ്രിഗേറ്റ് 'ഐഎൻഎസ് തുഷിൽ' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്തു. റഷ്യയിലെ കലീനിൻഗ്രാഡിലുള്ള കപ്പൽശാലയിലാണ് കപ്പൽ കമ്മീഷൻ ചെയ്തത്. രാജ്യത്തിന്റെ വളരുന്ന സമുദ്രശക്തിയുടെ തെളിവാണ് ഐഎൻഎസ് തുഷിലെന്നും ഇന്ത്യയുടെ ആത്മനിർഭർ ഭാരത് കാഴ്ചപ്പാടിന് റഷ്യ നൽകുന്ന പിന്തുണ ഇരു രാജ്യങ്ങളും തമ്മിലുള്ള ആഴത്തിലുള്ള സൗഹൃദത്തിന്റെ ഉദാഹരണമാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## CM-VIZHINJAM

വിഴിഞ്ഞം അന്താരാഷ്ട്ര തുറുമുഖത്തിന് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ്പ് ഫണ്ട് തിരിച്ചടക്കണമെന്ന കേന്ദ്ര നിർദേശം മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. വയനാട് മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽ കേന്ദ്രം പ്രത്യേക സാമ്പത്തിക സഹായ പാക്കേജ് പ്രഖ്യാപിക്കാത്തതിന് കാരണം, കേരളം വിശദ റിപ്പോർട്ട് സമർപ്പിക്കാൻ വൈകിയെന്ന ആരോപണം വസ്തുതാ വിരുദ്ധമാണെന്നും മുഖ്യമന്ത്രി പ്രതികരിച്ചു. അടുത്ത വർഷം മാർച്ച് 30 ഓടെ കേരളം സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. 2025 നവംബറിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിക്കുമെന്നു മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## KERALA ADALAT

പരാതികളുമായെത്തുന്ന ജനങ്ങളോട് ഉദ്യോഗസ്ഥരുടെ മോശം സമീപനം സർക്കാർ അംഗീകരിക്കില്ലെന്നും അത്തരം സംഭവങ്ങളിൽ കർക്കശ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സാധാരണക്കാരുടെ പരാതികൾ പരിഹരിക്കേണ്ടത് ഉദ്യോഗസ്ഥരുടെ കടമയാണെന്നും പ്രശ്ന പരിഹാരം ജനങ്ങളുടെ അവകാശമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം

തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിലും ഇന്ന് അദാലത്തിന് തുടക്കമായി.

&&&&&&&&&&&&&&&&&&

**Vikram Misri -INTRO**

ന്യൂനപക്ഷങ്ങളുടെ സുരക്ഷയെക്കുറിച്ചുള്ള ഇന്ത്യയുടെ ആശങ്ക ബംഗ്ലാദേശ് സന്ദർശന വേളയിൽ ഉന്നയിച്ചതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി . ബംഗ്ലാദേശ് വിദേശകാര്യ സെക്രട്ടറി മുഹമ്മദ് ജാഷിം ഉദ്ദിനുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ധാക്കയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ സുരക്ഷയും ക്ഷേമവും ഉൾപ്പെടെ സമീപകാല സംഭവവികാസങ്ങൾ ചർച്ച ചെയ്തതായും ശ്രീ മിസ്രി പറഞ്ഞു.

(ഹോൾഡ്-വോയിസ്)

&&&&&&&&&&&&&&&&&&

**DAY HOCKEY – ASIA CUP**

ഒമാനിൽ നടക്കുന്ന വനിതാ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കി പൂൾ എ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8:30 നാണ് മത്സരം. ഇന്നലെ ബംഗ്ലാദേശിനെതിരെ നടന്ന മത്സരത്തിൽ ഒന്നിനെതിരെ 13 ഗോളുകൾക്കാണ് ഇന്ത്യ വിജയിച്ചത്.

&&&&&&&&&&&&&&&&&&

## chess

ലോക ചെസ് ചാമ്പ്യൻഷിപ്പ് 12-ാം മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡി. ഗുകേഷിന് തോൽവി. നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിംഗ് ലിറനോടാണ് ഗുകേഷ് പരാജയപ്പെട്ടത്. ഇതോടെ ഇരുവരും ആറ് പോയിൻറുകളുമായി ഒപ്പത്തിനൊപ്പം എത്തി. ചാമ്പ്യൻഷിപ്പിൽ ഇനി രണ്ട് മത്സരങ്ങളാണ് ഉള്ളത്.

&&&&&&&&&&&&&&&&&&

## RBI-GOVERNOR

റിസർവ് ബാങ്കിന്റെ പുതിയ ഗവർണറായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്രയെ നിയമിച്ചു. ഈ മാസം 11 മുതൽ മൂന്ന് വർഷത്തേക്കാണ് നിയമനം. അദ്ദേഹം ബുധനാഴ്ച ചുമതലയേൽക്കും.

&&&&&&&&&&&&&&&&&&

## AAP-DELHI SECOND LIST

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ആം ആദ്മി പാർട്ടി സ്ഥാനാർത്ഥികളുടെ രണ്ടാമത്തെ പട്ടിക പുറത്തിറക്കി. 20 പേരുടെ പട്ടികയാണ് പുറത്തിറക്കിയത്. ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ ജാംഗ്പുര മണ്ഡലത്തിൽ നിന്ന് മത്സരിക്കും.

&&&&&&&&&&&&&&&&&&

## BJP-RAJYASABHA LIST

രാജ്യസഭ ഉപതെരഞ്ഞെടുപ്പിനുള്ള മൂന്ന് സ്ഥാനാർത്ഥികളുടെ പട്ടിക ബിജെപി പുറത്തിറക്കി. ആന്ധ്രാ പ്രദേശിൽ നിന്നുള്ള രയാഗാ കൃഷ്ണയ്യ, ഹരിയാനയിൽ നിന്നുള്ള രേഖ ശർമ്മ, ഒഡീഷയിൽ നിന്നുള്ള സുജീത് കുമാർ എന്നിവരാണ് പാർട്ടി ടിക്കറ്റിൽ മത്സരിക്കുക. ആറ് രാജ്യസഭാ സീറ്റുകളിലേക്കാണ് ഈ മാസം 20ന് ഉപതെരഞ്ഞെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&&&

## MAHA-ASSEMBLY

ബിജെപി നേതാവ് രാഹുൽ നരവേക്കറിനെ മഹാരാഷ്ട്ര നിയമസഭാ സ്പീക്കറായി എതിരില്ലാതെ തെരഞ്ഞെടുത്തു. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസ്, ഉപമുഖ്യമന്ത്രിമാരായ അജിത് പവാർ, ഏക് നാഥ് ഷിൻഡെ എന്നിവരാണ് നരവേക്കറിൻറെ പേര് നിർദേശിച്ചത്.

&&&&&&&&&&&&&&&&&&

## PREZ-HUMAN RIGHTS DAY

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. എല്ലാ വർഷവും ഡിസംബർ 10 നാണ് മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത് . സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന മനുഷ്യാവകാശ ദിനാഘോഷം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&